# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 635 — 29/6/15 ൽ മറുപടിക്ക്

### ആദിവാസി മിഷൻ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശശി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി മിഷൻ ഏറ്റവും ഒടുവിൽ റിപ്പോർട്ട് തയ്യാറാക്കിയത് എന്നാണ് ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (എ) | ആദിവാസി പുനരധിവാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുനരധിവാസത്തെക്കുറിച്ചും ആദിവാസി പുനരധിവാസ വികസന മിഷൻ ഏറ്റവും ഒടുവിലായി കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് മാർച്ച് 2015 ന് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## ഈ സർക്കാരിന്റെ കാലത്ത് ടി.ആർ.ഡി.എം. മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

2001 ൽ നിലവിൽ വന്ന ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം.) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ കൈവശ ഭൂമി ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾ, ജീവനോപാധികൾ എന്നിവ ലഭ്യമാക്കി പൂർണ്ണമായ അർത്ഥത്തിൽ പുനരധിവാസം നടത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്. കഴിഞ്ഞ 2 വർഷമായി ഭൂമി വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾക്കാണ് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്.

## I. ഭൂവിതരണം

### കഴിഞ്ഞ 4 വർഷമായി ഭൂമി അനുവദിച്ചു നൽകിയത് സംബന്ധിച്ച വിവരങ്ങൾ

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് താഴെപ്പറയും പ്രകാരം ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

(1) ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പുതുതായി ആരംഭിച്ചു. അപ്രകാരം 420 പേർക്ക് 146.137 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(2) ടി.ആർ.ഡി.എം. മുഖേന ഭൂരഹിതരായ 777 പേർക്ക് 730.52 ഏക്കർ ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ട്.

(3) ഭൂരഹിത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് (3 സെന്റ് വീതം) 450 പേർക്ക് ഭൂമി നൽകി

(4) വനാവകാശ നിയമ പ്രകാരം - 8223 പേർക്ക് 12652.22 ഏക്കർ ഭൂമിയുടെ കൈവശരേഖ നൽകി. കൂടാതെ നടപ്പു വർഷം ഡി.എൽ.സി. അംഗീകരിച്ച 1028 പേർക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### തുടർന്നുള്ള ലക്ഷ്യങ്ങൾ

(1) വയനാട് ജില്ലയ്ക്ക് പ്രത്യേകമായി അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ച് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

(2) സുപ്രീംകോടതി വിധി പ്രകാരം ലഭ്യമായ 19002 ഏക്കർ വനഭൂമിയുടെ സംയുക്ത പരിശോധന നടത്തി വിതരണത്തിന് അനുയോജ്യമായവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(3) വനാവകാശം - നിയമ പ്രകാരം ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കാൻ നടപടി സ്വീകരിച്ചു.

## II. പുനരധിവാസം

**കഴിഞ്ഞ 4 വർഷമായി പുനരധിവാസത്തിനായി സ്വീകരിച്ച് നടപടികൾ**

ടി.ആർ.ഡി.എം. മുഖേന അനുവദിക്കപ്പെടുന്ന ഭൂമിയിൽ കൈവശാവകാശം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായും ടി.ആർ.ഡി.എം. നടപടികൾ സ്വീകരിക്കുന്നു. കഴിഞ്ഞ് 4 വർഷങ്ങളിൽ പുനരധിവാസത്തിനായി തുക അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമം നം | പദ്ധതി | എണ്ണം | തുക |
|---|---|---|---|
| (1) | ഭവന നിർമ്മാണം | 814 | 12.35 കോടി |
| (2) | വീട് റിപ്പയർ | 100 | 1.32 കോടി |
| (3) | ജീവനോപാധികൾ | 750 | 0.79 കോടി |
| (4) | കുടിവെള്ളം | | 1.77 കോടി |
| (5) | വൈദ്യുതി | | 0.56 കോടി |
| (6) | റോഡ് | | 10.00 കോടി |
| (7) | മുളള് വേലി | | 0.37 കോടി |

ഇത് കൂടാതെ ടി.ആർ.ഡി.എം. ശീർഷകത്തിൽ തുക ലഭ്യമാകാത്ത പക്ഷം പട്ടികവർഗ്ഗ വികസന വകുപ്പിലെ ഭവന നിർമ്മാണ, കോർപ്പസ് ഫണ്ട് ശീർഷകങ്ങളിൽ നിന്നും തുക കണ്ടെത്തിയിട്ടുണ്ട്.

## III. സാമ്പത്തികനേട്ടം

**കഴിഞ്ഞ 4 വർഷമായി ലഭ്യമായ ഫണ്ടും ചെലവഴിച്ച തുകയും**

| വർഷം | ലഭ്യമായ ഫണ്ട് (കോടി) | ചെലവഴിച്ച ഫണ്ട് (കോടി) |
|---|---|---|
| 2011-12 | 15 | 15 |
| 2012-13 | 20 | 20 |
| 2013-14 | 20 | 20 |
| 2014-15 | 20 | 20 |

# മറ്റു പ്രവർത്തനങ്ങൾ

## ആറളം പുനരധിവാസം

കണ്ണൂർ ജില്ലയിലെ ആറളത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് 4059 ഏക്കർ സ്ഥലം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് വിട്ടു കിട്ടുയിരുന്നു. ഇതിൽ ഒരേക്കർ വീതം വരുന്ന 3486 പ്ലോട്ടുകളായി തിരിച്ചിട്ടുണ്ട്. ഇതിൽ 3265 പ്ലോട്ടുകൾ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 763 പേർക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനിയും 221 പ്ലോട്ടുകൾ വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്. ആറളത്ത് നിർമ്മിതി കേന്ദ്രം മുഖേന 361 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾ നേരിട്ട് 934 വീടുകൾ നിർമ്മിച്ചു വരുന്നു. ഇതിൽ 351 വീടുകൾ പൂർത്തിയായി. പുനരധിവാസ മേഖലയിലെ എല്ലാ ബ്ലോക്കുകളിലും പ്രധാന റോഡുകൾ ബന്ധിപ്പിച്ചുകൊണ്ട് 32.8 കി.മി. നീളത്തിൽ വൈദ്യുതി ലൈൻ വലിക്കുകയും 05/03/2013 ന് ലൈൻ എനർജൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജലനിധിയുടെ സഹായത്തോടെ കുടിവെള്ള പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ പഞ്ചായത്ത് വിഹിതം ഗുണഭോക്തൃവിഹിതം എന്നിവ വകുപ്പ് വഹിക്കുന്നു. വിവിധ ബ്ലോക്കുകളെ ബന്ധിപ്പിക്കുന്ന 3 പ്രധാന റോഡുകൾ 8.39 കോടി രൂപ ചെലവിലും 4 പാലങ്ങൾ 1.60 കോടി രൂപ ചെലവിലും നിർമ്മിച്ചു വരുന്നു. ടി സ്ഥലത്ത് ആശുപത്രി, അംഗനവാടി, സ്കൂൾ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ പുനരധിവാസ മേഖലയോട് ചേർന്നുള്ള ഫാമിൽ ടി കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നു. ഈ മേഖലയിലെ ഭൂരിഭാഗം കുട്ടികളും ആറളം ഫാം ഗവൺമെന്റ് സ്കൂളിനെയാണ് ആശ്രയിക്കുന്നത്. കുട്ടികളെ സ്കൂളികളിൽ എത്തിക്കുന്നതിന് ഗതാഗത സൗകര്യവും സ്കൂളിൽ പോഷകാഹാര വിതരണവും വകുപ്പു മുഖേന നടപ്പിലാക്കി വരുന്നു. ഗവൺമെന്റ് സ്കൂളിന് ചുറ്റുമതിൽ കെട്ടുന്നതിന് 36.5 ലക്ഷം രൂപയും. 7 അംഗനവാടികൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് 27.10 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥലത്ത് ആനശല്യം ഒഴിവാക്കുന്നതിന് 3 കോടി രൂപ ചെലവിൽ വേലി നിർമ്മിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. പൂർണ്ണമായും പട്ടികവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശം എന്ന നിലയിൽ ടി പ്രദേശത്തെ 'പെസാ' നിയമത്തിന്റെ പരിധിയിൽ കൊണ്ട് വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ